**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2112** **09-12-2022 - ൽ മറുപടിയ്ക്ക്**

**പൊന്നാനിയിൽ നിന്നും പുതിയ ബസ് റൂട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ആഭ്യന്തര ടൂറിസത്തിന് പ്രശസ്തമായ പൊന്നാനിയിൽ നിന്നും മൂന്നാർ-മാട്ടുപ്പെട്ടി-വട്ടവട എന്നിവിടങ്ങളിലേക്ക് പുതിയ ബസ് റൂട്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | കുറഞ്ഞ ചെലവിൽ കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് ടൂറിസം എന്ന പേരിൽ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. പൊന്നാനിയിൽ നിന്നും മാമലക്കണ്ടം-മാങ്കുളം-മൂന്നാറിലേയ്ക്ക് വിനോദ സഞ്ചാരികളായ യാത്രക്കാരുടെ ആവശ്യപ്രകാരം ബഡ്ജറ്റ് ടൂറിസം സെൽ മുഖാന്തിരം സർവ്വീസ് നടത്തിവരുന്നു. യാത്രക്കാരുടെ ആവശ്യപ്രകാരം മൂന്നാർ - മാട്ടുപ്പെട്ടി-വട്ടവട എന്നിവിടങ്ങളിലേയ്ക്ക് ഡിമാന്റ് അനുസരിച്ച് ടൂറിസം സർവ്വീസുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ദേശസാൽകൃത റൂട്ടായ പൊന്നാനി-ചമ്രവട്ടം പാലം-തിരൂർ-കോഴിക്കോട് റൂട്ടിലേക്ക് പുതിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പൊന്നാനി-ചമ്രവട്ടം പാലം-കോഴിക്കോട് ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി പ്രതിദിനം 20 സർവ്വീസുകൾ നടത്തി വരുന്നു. (പൊന്നാനി-7, ഗുരുവായൂർ-3, കോഴിക്കോട്-2, ചേർത്തല-3, തിരുവനന്തപുരം-2, തിരുവമ്പാടി-1, സുൽത്താൻബത്തേരി-1, എറണാകുളം-1) കൂടുതൽ സർവ്വീസുകളും ദീർഘദൂര സർവ്വീസുകളും ഈ റൂട്ടിലൂടെ ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. യാത്രക്കാരുടെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ സാദ്ധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കി കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ